"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അജിത് കുമാർ. വി. ആർ. നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഇ പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1881/2026/LSGD തീയതി,തിരുവനന്തപുരം, 06-10-2026

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18/05/2018, 11/10/2018 എന്നീ തീയതികളിലെ ഇ8/24622/2017/ഇടുക്കി നമ്പർ കത്ത്.
2. 24/07/2019 തീയതിയിലെ ഇപിബി2/12/2019/തസ്വഭവ നമ്പർ കുറ്റപത്രം.
3. ശ്രീ. അജിത്കുമാർ വി.ആർ. സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത എതിർവാദ പത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 09/01/2021 തീയതിയിലെ PAN/13387/2019-D8(DP) നമ്പർ കത്ത്
5. 03/01/2025 ലെ സ.ഉ.(സാധാ) നം.28/2025/LSGD നമ്പർ ഉത്തരവ്
6. ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടറുടെ 13/06/2025 ലെ LSGD/JD/IDK/1256/2023-A3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2016-ൽ കുടിവെള്ളം വിതരണം ചെയ്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അജിത് കുമാർ. വി.ആർ. കരാറുകാരന് പണം നൽകുന്നതിന് മുമ്പ് ട്രിപ്പ് ഷീറ്റ് സമർപ്പിച്ച സമയം അത് കൃത്യമായി പരിശോധിക്കാതെ ബില്ല് മാറി നൽകുവാൻ അനുമതി നൽകിയത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് കണ്ട് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത

അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

i. വണ്ടൻമേട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 18 വാർഡുകളിൽപ്പെടുന്ന 15 വാർഡുകളിൽ 2016 വർഷത്തിൽ കുടിവെള്ളം ടാങ്കർ ലോറിയിൽ നടത്തിയിട്ടുള്ളതായും 9000 ലിറ്റർ കൊള്ളുന്ന 90 ടാങ്കർ വെള്ളം എത്തിച്ചതായി കാണിച്ച് രൂപ മാറിയെടുത്തതായും ഒരു ടാങ്കറിന് 8000/-രൂപ പ്രകാരം 7,20,000/-രൂപ ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. ഓരോ വാർഡിലും നൽകേണ്ടതായ കുടിവെള്ളം വിതരണം ചെയ്തിട്ടില്ല എന്ന് ആക്ഷേപമുണ്ട്. കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിക്കാതെ ബിജു, അടിമാക്കൽ, നെറ്റിത്തൊഴു എന്നയാൾക്ക് ഏൽപ്പിച്ചു കൊടുത്തതായി അറിയാൻ കഴിഞ്ഞു.

ii. ചക്കുപള്ളം പഞ്ചായത്തിൽ 10000 ലിറ്റർ കുടിവെള്ളത്തിന് 5000/-രൂപ നിരക്കിലാണ് വിതരണം നടത്തിയിട്ടുള്ളത്. വണ്ടൻമേട് കുടിവെള്ളം വിതരണം ചെയ്തത് KL-58-8902, KL-32-826 എന്നീ വാഹനങ്ങളിലാണ് എന്ന് പഞ്ചായത്തിൽ നിന്ന് അറിയുവാൻ കഴിഞ്ഞെങ്കിലും ഈ ലോറികൾ 4 വർഷമായി കേസിൽപ്പെട്ട് കട്ടപ്പന പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ കിടക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

2.മേൽ അന്വേഷണത്തിൽ, അഴിമതിയൊന്നും നടന്നതായി തെളിവ് ലഭിച്ചിട്ടില്ലെന്നും എന്നാൽ പോലീസ് കസ്റ്റഡിയിലുള്ള വാഹനത്തിന്റെ നമ്പർ വെച്ച് ട്രിപ്പ് ഷീറ്റ് കുടിവെള്ള വിതരണക്കാരൻ സമർപ്പിച്ചപ്പോൾ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് കൃത്യമായി പരിശോധിക്കാതെ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.അജിത് കുമാർ. വി.ആർ ബില്ല് മാറി തുക അനുവദിക്കുന്നതിന് അനുമതി നൽകിയത് ടിയാളുടെ ഭാഗത്തുള്ള വീഴ്ചയാണെന്നും ആയതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തതിനെ തുടർന്ന്, സർക്കാർ ടിയാനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ആയതിന് ടിയാൻ പരാമർശം (3) പ്രകാരം ചുവടെ സൂചിപ്പിക്കുന്ന എതിർവാദ പത്രിക ലഭ്യമാക്കുകയുണ്ടായി.

*2016 ലെ നിയമസഭാ തിരഞ്ഞെടുപ്പ് കാലയളവിൽ മാർച്ച്, ഏപ്രിൽ മാസത്തെ കൊടും വരൾച്ചയുള്ള സമയത്താണ് വണ്ടൻമേട് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും സർക്കാർ നിർദ്ദേശത്തിന്റെയും ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം നടത്തിയിട്ടുള്ളത്. ഈ കാലയളവിൽ എന്നെ 2016 നിയമസഭ ജനറൽ ഇലക്ഷനുമായി ബന്ധപ്പെട്ട് സ്റ്റാറ്റിക്ക് സർവെയലൻസ് സ്ക്വാഡ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് SSA III ആയി നിയമിച്ച് മൂന്ന് പഞ്ചായത്തുകളായ പാമ്പാടുംപാറ, കരുണാപുരം, വണ്ടൻമേട് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ 24 മണിക്കൂർ സ്ക്വാഡ് പ്രവർത്തനത്തിനും നിയോഗിക്കുകയും ഈ കാലയളവിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന പണം പിടിച്ചെടുത്ത് ട്രഷറിയിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. ഈ ജോലിയോടൊപ്പം*

പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും നടത്തേണ്ടതായി വന്നുചേർന്നു.

കളക്ടറുടെ നിർദ്ദേശപ്രകാരം കടിവെള്ളം വിതരണം ചെയ്യുന്നതിലേക്കായി വരൾച്ച അധികമായി ബാധിച്ച സ്ഥലങ്ങളുടെ ലിസ്റ്റ് കാണിച്ച് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് 26.04.2016-ലെ IX/ (4) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതനുസരിച്ച് , ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം രൂപീകരിച്ചിരുന്ന പീരുമേട് താലൂക്ക് കോർഡിനേഷൻ കമ്മറ്റിയിൽ ഉൾപ്പെട്ട പീരുമേട് ഗ്രാമപഞ്ചായത്തിന്റെ ക്വട്ടേഷൻ ക്ഷണിച്ചതുപ്രകാരമാണ് വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരത്തിന് ക്വട്ടേഷൻ ക്ഷണിച്ചത്. ആയതുപ്രകാരം ലിറ്ററിന് 90 പൈസ നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ നൽകിയ ബിജു എവി, അടിക്കമാക്കൽ, നെറ്റിത്തൊഴു എന്നയാളെ കുടിവെള്ള വിതരണത്തിന് എഗ്രിമെന്റ് പ്രകാരം ഏൽപ്പിക്കുകയും ചെയ്തു. ആയത് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ പല വാർഡുകളിലും ഉയർന്ന പ്രദേശങ്ങളും ദുർഘടമായ വഴികൾ ആയതിനാലും ശാസ്താനട എന്ന വാർഡിൽ പഞ്ചായത്തിൽ എത്തിച്ചേരണമെങ്കിൽ 40 കി.മീറ്റർ ചുറ്റി ദുർഘടമായ പാതയിലൂടെ സഞ്ചരിക്കേണ്ടതിനാലും ആണ് ലിറ്റർ നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചതും ടി ക്വട്ടേഷൻ അംഗീകരിച്ചതും. ആയതുപ്രകാരം കുടിവെള്ള വിതരണം പൂർത്തിയാക്കുകയും കുടിവെള്ളം വിതരണം ചെയ്തതായി വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കി ഫയൽ തയ്യാറാക്കി സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം കൂടുതൽ സുതാര്യതക്കായി ഈ കാലയളവിലെ അക്കൗണ്ടന്റ് ജലം വിതരണം ചെയ്ത വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് കൂടി ആവശ്യപ്പെടുകയും ചെയ്തു. ട്രിപ്പ് ഷീറ്റ് സമർപ്പിച്ചപ്പോൾ അത് വിശദമായി പരിശോധിച്ചിട്ടുണ്ട്. ഇവയിൽ ടാങ്ക് കെട്ടിവെച്ച് വിതരണം നടത്തിയെന്ന് ബോധ്യപ്പെട്ട് ബിൽ നൽകുകയുണ്ടായി. ഞാൻ ഇലക്ഷൻ ജോലികളിലും പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിലും വ്യാപൃതനായതുകൊണ്ടും ജലവിതരണം മോണിറ്റർ ചെയ്യുന്നതിന് വാർഡ് മെമ്പർമാരെയും പഞ്ചായത്തിലെ ഫീൽഡ് സ്റ്റാഫിനെയും ചുമതലപ്പെടുത്തിയിരുന്നു.അവരുടെ റിപ്പോർട്ട് കൂടി പരിഗണിച്ചാണ് ബില്ലുമാറി നൽകിയത്. കുറ്റാരോപണപത്രികയിൽ ആരോപിച്ചിരിക്കും പ്രകാരം ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ 10000 ലിറ്റർ കുടിവെള്ളത്തിന് 5000 രൂപ നിരക്കിലാണെന്നും വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ കൂടിയ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്തത് എന്ന് പറയുന്നത് ശരിയല്ല. ചക്കുപള്ളവും വണ്ടൻമേടും പഞ്ചായത്തുകൾ ഹൈറേഞ്ച് മേഖലയിൽപെടുമെങ്കിലും വണ്ടന്മേട് ഗ്രാമപഞ്ചായത്ത് പ്രദേശം യാത്രാ സൗകര്യങ്ങളും റോഡുകളും വളരെ പരിമിതവുമാണ്. അംഗീകൃത ജലസ്രോതസ്സുകളിൽ നിന്നും പല വാർഡുകളിലും 40 കിലോമീറ്റർ വരെ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാലാണ് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഒരു ലിറ്റർ വെള്ളം വിതരണം ചെയ്യുന്നതിന് 90 പൈസ പ്രകാരമുള്ള നിരക്ക് അംഗീകരിച്ചത്. കൂടാതെ പീരുമേട് പഞ്ചായത്തിൽ ഇപ്രകാരമുള്ള

*ജലവിതരണത്തിന് ലിറ്ററൊന്നിന് **1.10** പൈസ നിരക്കാണ് അംഗീകരിച്ചത് എന്ന കാര്യം ബോധിപ്പിക്കുന്നു.ആയതിനാൽ മറ്റ പഞ്ചായത്തുകളിലെ നിരക്ക് താരതമ്യപ്പെടുത്തി അതിൻപ്രകാരം വണ്ടൻമേട് പഞ്ചായത്ത് കൂടിയ നിരക്ക് അംഗീകരിച്ചു തുക നൽകി എന്ന ആരോപണം നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ല.*

*വണ്ടൻമേട് പഞ്ചായത്തിൽ ജല വിതരണം ചെയ്ത കെ.എൽ **8902**, കെ.എൽ **32-826** എന്നീ ലോറികൾ കഴിഞ്ഞ **4** വർഷമായി കേസിൽപെട്ട് കട്ടപ്പന പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ കിടക്കുന്നു എന്നറിയാൻ കഴിഞ്ഞു എന്ന പ്രസ്താവന ശരിയല്ല. ടി ലോറികളുടെ ട്രിപ്പ് ഷീറ്റ് ബോധ്യപ്പെട്ടും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലുമാണ് കരാറുകാരന് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോടെ തുക നൽകിയത്. ബഹു. സർക്കാരിന്റെ **16.04.2016** ലെ **GO (MS) 1466/16**-ാം നമ്പർ ഉത്തരവിലെ നിബന്ധനകൾ കൃത്യമായി പാലിച്ചുകൊണ്ടാണ് കുടിവെള്ള വിതരണം നടത്തിയ കരാറുകാരന് തുക നൽകിയതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമോ അല്ലാതെയോ യാതൊരു കൃത്യവിലോപവും ചട്ടലംഘനവും അച്ചടക്കരാഹിത്യവും നടത്തിയിട്ടില്ല.*

എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം **(4)** പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.പ്രസ്തുത റിപ്പോർട്ടിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു എന്ന നിഗമനത്തിൽ എത്താൻ കഴിയില്ലെന്നും, എന്നാൽ കുടിവെള്ള വിതരണത്തിന് ഉപയോഗിച്ചതായി പറയുന്ന വാഹനം ആ സമയത്ത് പോലീസ് കസ്റ്റഡിയിലായിരുന്നു എന്ന ആരോപണത്തെ ടിയാൻ എതിർത്തിരിക്കുന്നുവെങ്കിലും ആയത് സാധൂകരിക്കുന്ന തെളിവുകളൊന്നും നൽകിയിട്ടില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

**3.**ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അജിത് കുമാർ വി.ആർ. നെതിരെ **KCS (CC & A) Rules** ചട്ടം **15** പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടി വിഷയത്തിൽ ചട്ട പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിൻ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം**(5)** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.ഇടുക്കി ജോയിന്റ് ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി ചുവടെ പറയുന്ന ശിപാർശകളോടെ പരാമർശം **(6)** പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

*വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ **2016** വർഷത്തിൽ വിവിധ വാർഡുകളിൽ കടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കരാറുകാരനായ ശ്രീ ബിജു, ആടിമാക്കൽ, നെറ്റിത്തൊഴു എന്നയാൾക്ക് **720000/-** രൂപ അനുവദിച്ചുനൽകിയതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റിൽ*

*രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള വാഹനം കേസിൽപെട്ട് കട്ടപ്പന പോലീസ് സ്റ്റേഷനിൽ ആയിരിക്കുകയാണെന്ന് കാണുന്നതിനാൽ കൃത്രിമരേഖ ചമച്ച് ട്രിപ്പ്ഷീറ്റ് സമർപ്പിച്ചത് കരാറുകാരനായ ശ്രീ. ബിജു ആടിമാക്കൽ, നെറ്റിത്തൊഴു എന്നയാളാണെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കാവുന്നതാണെന്നും കുടിവെള്ളം വിതരണം ചെയ്തതായി കാണുന്നതിനാലും രേഖകൾ പ്രകാരം ടിയാന് നൽകിയ തുക യഥാർത്ഥമാണെന്ന് കാണുന്നതിനാലും നൽകിയ തുക സർക്കാർ ഉത്തരവിൽ അധികരിച്ചിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും കരാറുകാരന് നൽകിയ തുക തിരികെ പിടിക്കേണ്ടതില്ലായെന്ന് ശിപാർശ ചെയ്യുന്നു .*

*കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കരാറുകാരൻ സമർപ്പിച്ച ട്രിപ്പ്ഷീറ്റുകളിൽ രേഖപ്പെടുത്തിയ വാഹന നമ്പർ പരിശോധിച്ച് മാത്രമേ തുക നൽകാവൂ എന്ന് ടി കാലയളവിലെ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും അനുബന്ധ നിർദ്ദേശങ്ങളിലും നിഷ്കർഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി വാഹനത്തിൽ തന്നെയാണോ വിതരണം ചെയ്തിട്ടുള്ളത് എന്ന് വാഹനം പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെടേണ്ടതില്ലാത്തതാണെന്നും തുക നൽകുന്നതിന് ട്രിപ്പ് ഷീറ്റിലെ രേഖപ്പെടുത്തലുകൾ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ തുക നല്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണെന്നും കാണുന്നതിനാലും ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വാഹനം നേരിട്ട് പരിശോധിക്കേണ്ടതുണ്ടായിരുന്നു എന്ന പരാമർശം ഒഴിവാക്കി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.*

*കരാറുകാരൻ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്തത് സംബന്ധിച്ച ട്രിപ്പ് ഷീറ്റുകൾ വാർഡ് മെമ്പർ, എ.ഡി.എസ് ചെയർപേഴ്സൺ എന്നിവർ സാക്ഷ്യപ്പെടുത്തുകയും ചെയ്യണമെന്നാണ് **6.04.2016**-ലെ **1466/2016**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും എ.ഡി.എസ് ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്. **06.04.2016**-ലെ സർക്കാർ ഉത്തരവ് **22.04.2016** തീയതിയിലെ ഉത്തരവിനാൽ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ നടപടിക്രമത്തിൽ വന്നിട്ടുള്ള വീഴ്ചയായി കണക്കാക്കാൻ കഴിയില്ല. എന്നാൽ, കുടിവെള്ളം വിതരണം ചെയ്തതായും അഴിമതി നടന്നിട്ടില്ലായെന്നും വിജിലൻസ് അന്വേഷണത്തിൽ തന്നെ പരാമർശിച്ചിട്ടുള്ളതിനാലും സെക്രട്ടറിക്ക് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തിരഞ്ഞെടുപ്പ് നിരീക്ഷണ ചുമതലയുണ്ടായിരുന്ന സാഹചര്യം കണക്കിലെടുത്തും കളക്ടറുടെ **06.04.2016**-ലെ **E6-45508/15** നമ്പർ ഉത്തരവിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നതിൽ വന്ന ടി വീഴ്ച ഗുരുതരമായി കണക്കാക്കേണ്ടതില്ലാത്തതാണ് എന്ന് ശിപാർശ ചെയ്യുന്നു.*

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ വണ്ടന്നൂർ ഗ്രാമ പഞ്ചായത്തിൽ 2016-ൽ കുടിവെള്ളം വിതരണം ചെയ്തതുമായി

ബന്ധപ്പെട്ട് അഴിമതി നടക്കുകയോ, ഗ്രാമ പഞ്ചായത്തിന് ഇതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുകയോ ചെയ്തിട്ടില്ല എന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ, വണ്ടന്നൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. അജിത് കുമാർ വി.ആർ. നെതിരെയുള്ള **1960** ലെ **KCS (CC &A) Rules**,ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. അജിത്കുമാർ വി.ആർ., മുൻ സെക്രട്ടറി, വണ്ടൻമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി
5. വിജിലൻസ് ഡി വകുപ്പ് (**06/09/2026** ലെ **VIG-D3/492/2018-VIG** നമ്പർ കുറിപ്പ് പ്രകാരം )
6. ഡയറക്ടർ, വിജിലൻസ് ആൻഡ് ആൻ്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം.**EPB2/12/2019**/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Digitally signed by
Sivaprasad V N
Date: 07-10-2026
11:40:22

സെക്ഷൻ ഓഫീസർ